(ഡി) സ്റ്റോറിൽ ആകെ ഓരോ ജില്ലയിലും വാടകക്കെട്ടിടത്തിൽ നടത്തുന്ന വിദ്യാലയങ്ങളുടെ എണ്ണം എത്ര;

(ഈ) വാടകയിനത്തിൽ പ്രതിവർഷം ചെലവുചെയ്യുന്ന സംഖ്യ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 445.

(ബി, സി, ഡി) വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

(ഈ) 3,47,522 രൂപ.

പ്രൊഹിബിഷൻ നിയമങ്ങൾ

* 631 [26] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറിലെ പ്രൊഹിബിഷൻ നിയമങ്ങളിൽ എന്തെങ്കിലും അയവ് വരുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ, ബി) പ്ലാനിംഗ് കമ്മീഷൻ നിയമിച്ചിട്ടുള്ള പഠനസംഘത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണ്.

Appointment of Additional Chief Secretary

* 632]27] **Shri K. Chandrasekharan:** Will the Minister be pleased to state :

(a) whether there is a proposal to appoint an Additional Chief Secretary in this State;

(b) in that case what will be the number of officers in the grade of Board of Revenue Members functioning here ; and

(c) what is the permanent member strength of the Board of Revenue in this State ?

Chief Minister (**Shri R. Sankar**) ;

(a) No.
(b) Does not arise.
(c) Two.

വ്യവസായ വികസനത്തിനു നീക്കിവച്ചിരുന്ന തുക

* 633. [32] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിനുവേണ്ടി 1963–64 ലേക്ക് നീക്കിവച്ചിരുന്ന മൊത്തം തുക എത്ര ;

(ബി) 1964 ജനുവരി 31-ാം തീയതിവരെ ഇതിൽ എത്ര ഉറുപ്പിക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം ഇനങ്ങൾക്കായാണ് തുക നീക്കിവച്ചിരുന്നത് ;

(ഡി) ഓരോ ഇനത്തിലും പ്രസ്തുത കാലയളവിൽ എത്ര ഉറുപ്പികവീതം ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly